**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്-കിഫ്ബി പദ്ധതി-ആധുനിക അറവുശാലകളുടെ നിർമ്മാണം-അനുമതി പുതുക്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്**

**സ.ഉ.(സാധാ) നം.77/ 2021/ തസ്വഭവ** തിരുവനന്തപുരം, തീയതി **11/ 01/ 2021**

---

പരാമർശം:- 1. 04/ 11/ 2017 ലെ സ.ഉ.(സാധാ) നം.3564/ 17/ തസ്വഭവ

2. കിഫ്ബി സിഇഒ യുടെ 28.02.2020- ലെ FA- 1/ 615/ 2020/ KIIFB നമ്പർ നടപടിക്കുറിപ്പ്

3. ഇംപാക്ട് കേരള മേനേജിംഗ് ഡയറക്ടറുടെ 02.12.2020 ലെ SPV- ABR/ 2020/ 125 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം(1) ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 17 നഗരസഭ/കോർപ്പറേഷനുകളിൽ കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ആധുനിക അറവുശാല നിർമ്മാണ പദ്ധതിക്ക് അനുമതി നൽകുകയും ഇംപാക്ട് കേരള ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളാക്കി ചുമതലപ്പെടുത്തുകയും ചെയ്ത് ഉത്തരവായിരുന്നു.

അറവുശാല നിർമ്മാണത്തിനുള്ള DPR അംഗീകാരത്തിനായി കിഫ്ബി മുമ്പാകെ സമർപ്പിക്കുന്നതിൽ കാലതാമസം ഉണ്ടായി എന്നും പരാമർശം (2) ലെ തീരുമാന പ്രകാരം പദ്ധതിയുടെ സർക്കാർ അനുമതി പുതുക്കേണ്ടതുണ്ടെന്നും പരാമർശം (3) ലെ കത്ത് പ്രകാരം ഇംപാക്ട് കേരള മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യങ്ങൾ പരിശോധിക്കുകയും പരാമർശം (1) പ്രകാരം അനുമതി നൽകിയിരുന്ന സംസ്ഥാനത്തെ നഗരസഭ/കോർപ്പറേഷനുകളിൽ ആധുനിക അറവുശാല നിർമ്മിക്കുവാനുള്ള പദ്ധതിയുടെ അനുമതി പുതുക്കി ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**യു.വി.ജോസ് ഐ.എ.എസ്**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

മാനേജിംഗ് ഡയറക്ടർ, ഇംപാക്ട് കേരള ലിമിറ്റഡ്
നഗരകാര്യ ഡയറക്ടർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളമിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2